പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1793 12.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. സ്വകാര്യവത്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതുജനത്തിന്റെ യാത്രാ ഉപാധിയായ കെ.എസ്.ആർ.ടി.സി. ഇക്കഴിഞ്ഞ രണ്ട് വർഷത്തോളമായി ആയിരത്തോളം ബസുകൾ ഓടിക്കാതെയും ഷെഡ്യൂളുകൾ വെട്ടിക്കുറച്ചും കണ്ടക്ടർമാരെയും ഡ്രൈവർമാരെയും പിരിച്ചുവിട്ടതുമൂലം സർവ്വീസ് നടത്താതെയും ബുദ്ധിമുട്ട് വരുത്തിവച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സമഗ്ര പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമല്ലാതിരുന്ന ചില സർവ്വീസുകളും, ട്രിപ്പുകളും സൗകര്യ പ്രദമായ രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും വിനിയോഗിക്കുന്നതിനായി ഡ്യൂട്ടി പരിഷ്കരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ യാത്രാ സൗകര്യവും കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും ഉറപ്പുവരുത്തിയാണ് പുനഃക്രമീകരണനടപടികൾ സ്വീകരിച്ചിട്ടുള്ളത്. ബഹു. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട ദിവസങ്ങളിൽ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വന്നിരുന്നെങ്കിലും, ജീവനക്കാരുടെ സ്ഥലമാറ്റം ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | സത്വര നടപടികൾ സ്വീകരിച്ചതിനാൽ സർവ്വീസുകൾ മുടങ്ങി യാത്രക്കാർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. യെ ക്രമേണ ഇല്ലാതാക്കുന്ന വിധത്തിൽ സ്വകാര്യ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ, സ്വന്തം ജീവനക്കാരുടെയോ അല്ലാത്തതോ ആയ സൊസൈറ്റികൾക്കോ കൈമാറുന്നതിന് ആലോചനയുള്ളതായ റിപ്പോർട്ടുകൾ വസ്തുതാപരമാണോ എന്നറിയിക്കുമോ; | (ബി) യും (സി) യും | അത്തരത്തിൽ ആലോചനകളോ, തീരുമാനങ്ങളോ കൈക്കൊണ്ടിട്ടില്ല. |
| (സി) | എങ്കിൽ ഈ നീക്കം ഉപേക്ഷിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**